പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2568 — 14.02.2013-ൽ മറുപടിക്ക്

**കേന്ദ്രത്തിലേയ്ക്ക് സമർപ്പിച്ച സപ്ലിമെന്റ് പ്ലാനിൽ ഉൾപ്പെടുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും കൂടുതൽ തുക ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തിലേയ്ക്ക് സമർപ്പിച്ച സപ്ലിമെന്റ് പ്ലാനിൽ ഉൾപ്പെടുന്ന പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ; ഈ പദ്ധതികളിൽ, കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ളത് ഏതെല്ലാം ; | (എ) | താഴെ കൊടുത്തിരിക്കുന്ന പദ്ധതികളാണ് സപ്ലിമെന്റ് പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br>1. ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി.<br>2. സംസ്ഥാനത്ത് 9 മരുന്നു സൂക്ഷിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സമർപ്പിച്ച പദ്ധതി.<br>3. ഹീമോഫീലിയ രോഗികൾക്കായുള്ള പദ്ധതി.<br>4. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ വരുന്ന ഉപകേന്ദ്രങ്ങൾക്കായുള്ള പദ്ധതി.<br>5. നവജാതശിശുക്കളുടെ കേൾവി നിർണ്ണയിക്കുന്നതിനുള്ള പദ്ധതി.<br>6. എറണാകുളത്തെ മരുന്നു പരിശോധന ലബോറട്ടറി.<br>7. ഫോർട്ട് ആശുപത്രി, തിരുവനന്തപുരം<br>8. തൃപ്പൂണിത്തുറയിലെ താലൂക്ക് ആശുപത്രി.<br>9. എസ്. എ. റ്റി. ആശുപത്രി, തിരുവനന്തപുരം<br>സപ്ലിമെന്റ് പ്ലാനിൽ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്നതിലേക്കായി പദ്ധതികൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) | എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ നടന്നുവരുന്നതും നടപ്പിലാക്കി കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ; | (ബി) | എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ<br>1. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ഫറോക്കിൽ പുതിയ ഒരു കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.<br>2. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനവും നടന്നു വരുന്നു.<br>3. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കൊയിലാണ്ടി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കുറ്റ്യാടി, ജില്ലാ ആശുപത്രി വടകര എന്നീ ആശുപത്രികളിൽ ന്യൂ ബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റുകളുടെ നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. |
| (സി) | ഓരോ പദ്ധതിയുടെയും പുരോഗതി വിശദീകരിക്കുമോ ? | (സി) | |

സെക്ഷൻ ഓഫീസർ